**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 219** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജലേതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റിയുടെ സാമ്പത്തിക ബാധ്യത ഉയരുന്ന സാഹചര്യത്തിൽ ജലവിതരണത്തിന് പുറമെയുള്ള മറ്റ് വരുമാന സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ സാധ്യതകളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായ മനുഷ്യ വിഭവവും ഉപയോഗിച്ച് ജലേതര വരുമാനം വർദ്ധിപ്പി ക്കുന്നത് ലക്ഷ്യമിട്ടു കൊണ്ട് കൂടുതൽ പദ്ധതികൾ അതോറിറ്റി വിഭാവനം ചെയ്ത് വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ വാടകയ്ക്ക് നൽകുക, അതോറിറ്റി യുടെ അധീനതയിലുള്ള സ്ഥലങ്ങൾ ഷൂട്ടിങ്/ മാർക്കറ്റിംഗ് ആവശ്യങ്ങൾക്ക് നൽകുക, പാർക്കിംഗ് സൗകര്യങ്ങൾ അനുവദിക്കുക, ജല ഭവനിലെ ഹാൾ, ട്രെയിനിങ് സെൻറർ എന്നിവ വാടകയ്ക്ക് നൽകുക, ട്രെയിനിങ് വിഭാഗം വഴി പരിശീലന പരിപാടികൾ നടത്തുക, അതോറിറ്റി യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ടൂറിസം സാധ്യതകൾ വികസിപ്പിക്കാനുള്ള പദ്ധതികൾ, അതോറിറ്റിയുടെ സ്ഥലങ്ങൾ, ആസ്തികൾ എന്നിവ വാണിജ്യ ആവശ്യങ്ങൾക്ക് പാട്ടത്തിന് നൽകുക, വെല്ലിങ്ടൺ വാട്ടർ വർക്സും ഘടകങ്ങളും, അതോറിറ്റി ഹെഡ് ഓഫീസ്<br>പരിസരവും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായി ആകർഷകമാക്കുന്നതിനുള്ള പദ്ധതിയായ വാട്ടർ മ്യൂസിയം തുടങ്ങിയവയാണ് നിലവിലെ ജലേതര വരുമാനമാർഗങ്ങൾ. |
| (ബി) | ജലേതര വരുമാനം വർദ്ധിപ്പിക്കുവാൻ പൊതു-സ്വകാര്യ പങ്കാളിത്തം, ബി. ഒ. ടി. മാതൃകകളിൽ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ജലേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തം, ബി. ഒ. റ്റി. മാതൃകകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജലഅതോറിറ്റിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ